# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 7680 | 15.07.2014-ൽ മറുപടിയ്ക്ക്

## ക്രൈം കേസുകൾ സി.ബി.ഐ.യ്ക്ക് വിടണമെന്ന ആവശ്യം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന പോലീസ് അന്വേഷിച്ച ക്രൈം കേസുകൾ സി.ബി.ഐ -യ്ക്ക് വിടണമെന്ന ആവശ്യം ഉയർന്നുവരുമ്പോൾ അതിന്മേൽ തീരുമാനമെടുക്കുന്നത് ഏതെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ മാനദണ്ഡം വിശദമാക്കാമോ;<br><br>(ബി) സംസ്ഥാനത്തെ പോലീസ് സംവിധാനത്തിന്റെയും സി.ബി.ഐ സംവിധാനത്തിന്റെയും കേസന്വേഷണ രീതിയിൽ പ്രകടമായ എന്തെങ്കിലും വ്യത്യാസങ്ങൾ നിലനിൽക്കുന്നുണ്ടോ വിശദമാക്കാമോ; | (എ) & (ബി) ബഹു.കോടതികളുടെ ഉത്തരവിന്മേലോ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലോ ആണ് കേസുകൾ സി.ബി.ഐ.യ്ക്ക് കൈമാറുന്നത്.കേസിന്റെ പ്രാധാന്യവും കൊല്ലപ്പെട്ടവരുടെ ബന്ധുക്കളുടെ അപേക്ഷയും പുതിയ വെളിപ്പെടുത്തലുകളും നിയമവശങ്ങളും പരിഗണിച്ചാണ് സി.ബി.ഐ അന്വേഷണത്തിന് തീരുമാനം എടുക്കുന്നത്. ഒരു സ്വതന്ത്ര ഏജൻസി തുടരന്വേഷണം നടത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടാൽ CrPC 173(8) വകുപ്പ് പ്രകാരം തുടരന്വേഷണം നടത്തുവാൻ, അത്തരം കേസുകൾ സി.ബി.ഐ ക്ക് വിടാറുണ്ട്.<br><br>ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുക എന്നതും കുറ്റകൃത്യങ്ങൾ ഉണ്ടായാൽ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ക്കൊണ്ട് മികവുറ്റ അന്വേഷണം നടത്തി എത്രയും പെട്ടെന്ന് കുറ്റവാളികളെ കണ്ടെത്തി നിയമത്തിന് മുൻപിൽ കൊണ്ടുവരുവാനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന പോലീസ് നടത്തിവരുന്നത്. കൂടുതൽ അന്വേഷണം വേണ്ടിവരുന്ന പരിമിത എണ്ണം കേസ്സുകൾ മാത്രമേ സി.ബി.ഐ അന്വേഷിക്കുന്നുള്ളൂ. കൂടുതൽ ആഴത്തിലും സൂക്ഷ്മതയിലുമാണ് സി.ബി.ഐ കേസുകൾ അന്വേഷിക്കുന്നത് അന്തർ സംസ്ഥാന/ |

| | | | |
|---|---|---|---|
| | | | അന്താരാഷ്ട്ര ബന്ധമുള്ള കേസുകൾ അന്വേഷിക്കുന്നതിന് സംസ്ഥാന പോലീസിനേക്കാൾ കൂടുതൽ സൗകര്യങ്ങളുള്ളത് സി.ബി.ഐ ക്കാണ്. |
| (സി) | പോലീസ് സംവിധാനത്തിൽ ജനങ്ങളുടെ വിശ്വാസം ഉറപ്പിക്കാൻ സാധിക്കാതെ പോകുന്ന ഘടകങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പോലീസ് സംവിധാനത്തിൽ ജനങ്ങൾക്ക് വിശ്വാസമില്ലാതെ വരുന്ന സാഹചര്യങ്ങളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | രാഷ്ട്രീയ ഇടപെടലുകൾ പോലീസ് സേനയുടെ മനോവീര്യവും വിശ്വാസ്യതയും ഇല്ലാതാക്കിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ